# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6425 31.10.2011 - ൽ മറുപടിക്ക്**

## കൈത്തറി വ്യവസായ വികസനം

**ചോദ്യം**

ശ്രീ. കെ.ദാസൻ
ശ്രീ.സി.കൃഷ്ണൻ
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. ആർ. സെൽവരാജ്

എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനും ഉല്പന്നങ്ങൾക്ക് പ്രാദേശിക ബ്രാന്റ് വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ;

**ഉത്തരം**

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനും പ്രാദേശിക ബ്രാന്റ് വികസിപ്പിക്കുന്നതിനുമായി പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിന്റെ പ്രാചീന കലാരൂപങ്ങൾ, പരമ്പരാഗത കലാചിഹ്നങ്ങൾ, ക്ഷേത്ര ശില്പങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന അപൂർവ്വ ഡിസൈനുകൾ എന്നിവയിൽ നിന്നും മാതൃകകൾ സ്വീകരിച്ച് വികസിപ്പിച്ച് കൈത്തറി വസ്ത്ര മേഖലയിൽ ഉപയോഗപ്പെടുത്തുകയും അവയെ ശേഖരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നതിന് ഒരു കോടി രൂപ മുതൽ മുടക്കി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ ഒരു പദ്ധതി നടന്നുവരികയാണ്.

കൂടാതെ കേരളത്തിലെ പ്രമുഖ കൈത്തറി ബ്രാൻഡുകളായ ബാലരാമപുരം, കൂത്തമ്പുള്ളി, ചേന്ദമംഗലം, കണ്ണൂർ, കാസർഗോഡ് എന്നീ ഉത്പന്നങ്ങളെ ബ്രാൻഡ് അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുംപരിപോഷിപ്പിക്കുന്നതിനും ഇവയുടെ ഭൗമസൂചകമുദ്രകളെ സംരക്ഷിച്ച് ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിനുമായി ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് നടപടിയെടുത്തു. പ്രാദേശിക ബ്രാൻഡ് വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ ഉല്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനായി 30 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഡോക്യുമെന്ററി ദൂരദർശൻ വഴി സംപ്രേക്ഷണം ചെയ്ത് വരുന്നു

| | |
|---|---|
| (ബി) നെയ്ത്തുകാരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിന് പരിശീലനത്തിനായി സേവനകേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശമുണ്ടോ; | (ബി) നെയ്ത്തുകാരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധതരം പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് 40 ലക്ഷം രൂപ മുതൽ മുടക്കി ഐ.ഐ. എച്ച്.റ്റിയുടെ ആഭിമുഖ്യത്തിൽ വീവേഴ്സ് സർവ്വീസ് സെന്ററിന്റെ സൗകര്യങ്ങൾ ഒരുക്കുന്ന ഒരു കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| (സി) കൈത്തറി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു? | (സി) കൈത്തറിയുടെ പ്രചരണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായുള്ള പ്രവർത്തനത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിനായി വാരാന്ത്യങ്ങളിൽ കേരളീയ ജനസമൂഹത്തോട് കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഉത്തരവായിരുന്നു.<br><br>2. കൈത്തറി ഉൽപന്നങ്ങളുടെ ഗുഡ് വിൽ അംബാസിഡറായ പ്രമുഖ ചലച്ചിത്രതാരം ശ്രീ.മോഹൻലാലിന്റെ ചിത്രം ഉൾപ്പെടുത്തികൊണ്ടുള്ള പ്രചാരണങ്ങൾ നടത്തി വരുന്നു.<br><br>3. കഴിഞ്ഞ വർഷത്തേതുപോലെ 17 എഫ്.എം. സ്റ്റേഷൻ മുഖാന്തിരം കൈത്തറി വസ്ത്രങ്ങളുടെ പ്രചരണം നടത്തുവാൻ ഉദ്ദേശിക്കുന്നു. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സമയത്ത് ഈ വർഷവും എഫ്.എം.റേഡിയോ വഴി കൈത്തറി വസ്ത്രങ്ങളുടെ പ്രചരണം നടത്താൻ ഉദ്ദേശിക്കുന്നു.<br><br>4. കഴിഞ്ഞ ഓണക്കാലത്ത് ഒരു മിനിറ്റ് ദൈർഘ്യമുള്ള പരസ്യ ചിത്രം ടെലിവിഷൻ ചാനലുകളിൽ സംപ്രേക്ഷണം ചെയ്തിരുന്നു. തുടർന്നും അപ്രകാരമുള്ള പരിപാടികൾ സംപ്രേക്ഷണം ചെയ്യാൻ ഉദ്ദേശിക്കുന്നു. |

5. ഓണം വാരാഘോഷത്തിന്റെ ഭാഗമായി കൈത്തറിയുടെ ഫ്ളോട്ട് സംഘടിപ്പിക്കുകയും പ്രിന്റ് മീഡിയ വഴി പ്രചരണം നടത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ